*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം മാർച്ച്, 2004**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 28D

*2004 മാർച്ച് മാസം സായി കുൽവന്ത് ഹാളിൽ സ്വാമിയുടെ മുമ്പാകെ വിദ്യാർത്ഥികൾ അഭിനയിച്ച പരിപാടികളെക്കുറിച്ചുള്ള വിവരണം തുടരുന്നു:*

## പ്രേമത്തിന്റെ നിറം

ആ ദിവസം നടന്ന പ്രോഗ്രാം നിറങ്ങൾ തമ്മിലുള്ള ഒരു മത്സരമായിരുന്നു, ഓരോ നിറവും പറയും, "ഞാൻ മറ്റേതൊരു നിറത്തേക്കാളും ശ്രേഷ്ഠനാണ്." വിവിധ നിറങ്ങളെ പ്രതിനിധീകരിക്കുന്ന നാല് ആൺകുട്ടികൾ പരസ്പരം തർക്കിക്കുന്നതിന് ആരംഭിച്ചു. സ്വാമി ചിരിയോടു ചിരി!

നീല നിറത്തെ പ്രതിനിധീകരിക്കുന്ന ആദ്യത്തെ ചങ്ങാതി പറഞ്ഞു, "ഞാനാണ് നീല നിറം. നീലയാണ് ഏറ്റവും മികച്ച നിറമെന്ന് ചങ്ങാതിമാർക്കറിയാമല്ലോ."

മറ്റെല്ലാവരും അട്ടഹസിച്ചു, "എന്തുകൊണ്ട്!?"

"കൃഷ്ണന് നീലനിറമാണ്. രാമചന്ദ്രന് നീലനിറമാണ്. ആകാശം നീലയാണ്. സമുദ്രം നീലയാണ്. അതിനാൽ, നീലയാണ് ഏറ്റവും മികച്ചത്!"

അപ്പോൾ മറ്റൊരു ആൺകുട്ടി, ചെമപ്പു നിറത്തെ പ്രതിനിധീകരിക്കുന്നവൻ, പറഞ്ഞു, "നിർത്തൂ! അസംബന്ധം! നീലനിറമോ? അല്ല! ചെമപ്പാണ് എല്ലാറ്റിലും മികച്ചത്."

മറ്റു കുട്ടികൾ ചോദിച്ചു, "എന്തുകൊണ്ട്?"

"രാമന് നീലനിറമായിരിക്കാം. കൃഷ്ണന് നീലനിറമായിരിക്കാം. എന്നാൽ ബാബ അണിയുന്ന അങ്കിക്ക് ചെമപ്പു നിറമാണ്, അതുകൊണ്ട് ഞാനാണ് ഏറ്റവും മികച്ചവൻ. അതുമാത്രമല്ല, അഗ്നിക്ക് ചെമപ്പു നിറമാണ്. റോസാപ്പൂവിന് ചെമപ്പു നിറമാണ്. അതുകൊണ്ട് ചെമപ്പാണ് ഏറ്റവും മുകളിൽ. ചെമപ്പില്ലാതെ സൃഷ്ടിതന്നെ ഉണ്ടാവില്ല. മനസ്സിലായോ? ഞാനാണ് ഏറ്റവും ഉന്നതൻ!"

മൂന്നാമത്തെ ചങ്ങാതി പറഞ്ഞു, “ഞാൻ കറുപ്പുനിറമാണ്. നിങ്ങളെല്ലാവരും വായ മൂടാനായി ഞാൻ ആജ്ഞാപിക്കുകയാണ്! (ചിരി) നിങ്ങളെല്ലാവരും അസംബന്ധമാണ് പറയുന്നത്. നിങ്ങളിലൊരുവൻ പറയുന്നത് രാമനും കൃഷ്ണനും നീലനിറമാണ്, ആകാശത്തിന് നീലനിറമാണ് എന്നൊക്കെയാണ്. അടുത്തയാൾ പറയുന്നത് ബാബയുടെ അങ്കിക്ക് ചെമപ്പു നിറമാണ്, അഗ്നിക്ക് ചെമപ്പു നിറമാണ് എന്നാണ്. ഇത് നിർത്തുക! കറുപ്പാണ് സർവശ്രേഷ്ഠം. കറുപ്പാണ് ഏറ്റവും മികച്ചത്. എന്തുകൊണ്ടെന്ന് നിങ്ങൾക്കറിയാമോ? ബാബയുടെ മുടിക്ക് കറുപ്പുനിറമാണ്. അവിടുത്തെ കവിളത്തെ മറുക് കറുത്ത നിറത്തിലാണ്. നിങ്ങൾക്ക് കുറച്ചെങ്കിലും സാമാന്യബുദ്ധിയുണ്ടോ? നിങ്ങളെ ക്ലാസ്റൂമിൽ പഠിപ്പിക്കുന്ന ടീച്ചർ ബ്ലാക്ബോർഡിലാണ് എഴുതുന്നത്. ബ്ലാക്ബോർഡില്ലാതെ നിങ്ങളെന്തു പഠിക്കും? ബാബയുടെ മുടി കറുത്തതാണ്. അതുകൊണ്ട് ഇതിലധികം നിങ്ങൾക്കെന്താണ് വേണ്ടത്? അതുകൊണ്ട്, കറുപ്പാണ് ഏറ്റവും മുകളിൽ!”

അപ്പോൾ മറ്റൊരു ആൺകുട്ടി പറഞ്ഞു, “നിങ്ങൾ എത്ര മണ്ടന്മാരാണെന്ന് ഞാൻ മനസ്സിലാക്കിത്തുടങ്ങുന്നതേയുള്ളൂ! എത്ര അജ്ഞരാണ് നിങ്ങൾ! പക്ഷേ നിങ്ങളുടെ സംസാരത്തിന് ഒരതിരൊക്കെ വേണം. ദയവായി ഇത് നിർത്തൂ! ഞാൻ വെള്ള നിറമാണ്. ഞാനാണ് ഏറ്റവും ഉന്നതൻ. വെള്ള എപ്പോഴും തെളിച്ചമുള്ളതാണ്. വെള്ള പരിശുദ്ധിയെ പ്രതിനിധീകരിക്കുന്നു. അതിനാലാണ് എല്ലാവരും വെള്ളവസ്ത്രം ധരിക്കണമെന്ന് സ്വാമി നിർബന്ധിച്ചിട്ടുള്ളത്. അത് നിങ്ങൾക്കറിയില്ലേ? മുല്ലപ്പൂക്കൾ വെളുത്തിട്ടാണ്. സൂര്യൻ വെളുത്തിട്ടാണ്. സൂര്യപ്രകാശം വെള്ളയാണ്. നിലാവ് തെളിഞ്ഞ്, വെളുത്തിട്ടാണ്. വെള്ളയാണ് ഏറ്റവും മികച്ച നിറം, നിങ്ങൾക്ക് മനസ്സിലായോ?”

എന്നിട്ട് ആ നാല് ചങ്ങാതിമാരും വന്നു-നീല, ചെമപ്പ്, കറുപ്പ്, വെള്ള-നാല് പ്രതിനിധികളും. ഒരുവൻ പറഞ്ഞു, “ശരി, നമ്മൾ പരസ്പരം വഴക്കടിച്ചിട്ട് കാര്യമൊന്നുമില്ല. ഞങ്ങളുടെ മുമ്പിലിരിക്കുന്ന ഹേ കുട്ടികളേ, നിങ്ങളിലൊരാൾ എണീറ്റിട്ട് നിങ്ങളുടെ വിധി പറയുവിൻ. നിങ്ങളുടെ തീർപ്പ് ഞങ്ങൾ അനുസരിച്ചുകൊള്ളാം, എന്തുകൊണ്ടെന്നാൽ നിങ്ങൾ നിഷ്പക്ഷരാണ്. ഞങ്ങളോരോരുത്തരും ഓരോ നിറങ്ങൾക്കുവേണ്ടിയാണ് നിലകൊള്ളുന്നത്. നിങ്ങൾ നിസ്സംഗരായതിനാൽ നിങ്ങൾക്കിതിൽ തീർപ്പുകൽപ്പിക്കാനാവും.”

ഒരു ആൺകുട്ടി സാവധാനം എണീറ്റിട്ട് ഇപ്രകാരം സംസാരിക്കാൻ തുടങ്ങി: “സ്വാമി ചെമന്ന അങ്കിയാവാം അണിയുന്നത്. അവിടുന്നിന് നീലനിറമായിരിക്കാം. പ്രഭുവിന് കറുത്ത മുടിയാവാം ഉള്ളത്, കറുത്ത മറുകുണ്ടാവാം. അവിടുന്ന് നമ്മളോട് വെള്ള വസ്ത്രം ധരിക്കാൻ പറഞ്ഞിട്ടുണ്ടാവാം. പക്ഷേ എല്ലാ നിറങ്ങളും പ്രഭുവിന് ഒരേപോലെ

യാണ്. എന്തുകൊണ്ടെന്നാൽ, മുകളിലായി കറുപ്പുണ്ട്, ത്വക്കിൽ നീലനിറമുണ്ട്, കവിളത്ത് കറുപ്പുണ്ട്, ചെമന്ന ഒരു അങ്കിയുണ്ട്, എല്ലാ നിറങ്ങളും പ്രഭുവിലുണ്ട്. അവിടുന്ന് സകല നിറങ്ങളിലുമുണ്ട്. ഒരു നിറം മറ്റൊന്നിനേക്കാൾ ശ്രേഷ്ഠം എന്നൊന്നില്ല. ബാബ ഒരൊറ്റ നിറത്തിനുവേണ്ടിയാണ് നിലകൊള്ളുന്നത്. ഏതാണാ നിറം? പ്രേമത്തിന്റെ നിറം! ഏറ്റവും ഉന്നതമായ, വരേണ്യമായ വർണം പ്രേമമാണ്. അതിലും വലുതായി മറ്റൊരു നിറമില്ല!''

## സ്വാമിയുടെ ബാല്യകാലദിനങ്ങൾ

ഹയർസെക്കണ്ടറി സ്കൂളിലെ കുട്ടികൾ 2004 മാർച്ച് 5-ന് ഒരു പ്രോഗ്രാം അവതരിപ്പിക്കുകയുണ്ടായി. ഇത് വാസ്തവത്തിൽ പുതുമയുള്ള ഒരു ആശയമായിരുന്നു, നമുക്കെല്ലാം മഹനീയാശയങ്ങൾ ഇഷ്ടമാണുതാനും-ഏവരേക്കാളുമധികം, ഭഗവാന്! അവിടുന്നിത് എങ്ങനെയാണ് ശ്രദ്ധിച്ചതെന്ന്, പ്രഭുവിന്റെ ഔത്സുക്യത്തിൽനിന്ന് ഞങ്ങൾക്ക് പറയാനാവുമായിരുന്നു. നിങ്ങൾ ഏത് പ്രോഗ്രാം ചെയ്താലും, ദയവായി സ്വാമിയെ മനസ്സിൽ ഓർത്തോളുക. അവിടുന്ന് പുഞ്ചിരിക്കുന്നുവെങ്കിൽ, മുന്നോട്ടു പോവുക. അവിടുന്ന് ഗൗരവത്തിലാണെങ്കിൽ, നിങ്ങളുടെ നടനം കാര്യമാക്കുക. നിങ്ങൾക്കത് ആകർഷകമാക്കാനായോ എന്ന് മനസ്സിലാക്കുക. നിങ്ങൾ പ്രഭുവിനെ നിരന്തരം നിരീക്ഷിച്ചുകൊണ്ടിരിക്കണം.

അപ്പോൾ, ഇത്, സ്വാമി വളരെയധികം ഇഷ്ടപ്പെട്ട ഒരു വിശേഷാൽ പരിപാടിയായിരുന്നു. എന്തുകൊണ്ട്? ആശയംതന്നെ ഗംഭീരമായിരുന്നു. ഇത് സ്വാമിയുടെ ബാല്യകാലദിനങ്ങളുമായി ബന്ധപ്പെട്ട ഒരു ഉപാഖ്യാനമായിരുന്നു.



സത്യനാരായണരാജു:
ഒരു സ്കൂൾ ഗ്രൂപ്പ് ഫോട്ടോയിൽനിന്ന് ആർട്ടിസ്റ്റ് വേർതിരിച്ചെടുത്തത്

ഭഗവാന് ഏതാനും അദ്ധ്യാപകരുണ്ടായിരുന്നു. നിങ്ങളുടെ അറിവിലേക്കായി പറയാം, സ്വാമി മൂന്ന് സ്ഥലങ്ങളിലാണ് പഠിച്ചത്: ഉറവക്കൊണ്ട, കമലാപുരം, പിന്നെ ബുക്കപട്ടണം. അവിടുത്തെ ഏതാനും അദ്ധ്യാപകരുടെ പേരുകൾ നന്നായി ഓർമ്മിക്കപ്പെടുന്നതാണ്, സ്വാമി ഇടയ്ക്കിടെ അവരെ പരാമർശിക്കുമായിരുന്നു-മെഹബൂബ് ഖാൻ, കൊണ്ടപ്പ,

സുബ്ബണ്ണാചാരി, തമ്മിരാജു, പിന്നെ മഞ്ചിരാജു. ഇവരാണ് സ്വാമി മിക്കപ്പോഴും വളരെ പ്രശംസിക്കാറുണ്ടായിരുന്ന ആ അദ്ധ്യാപകർ.

കുട്ടികൾ ഈ ആശയം ഉൾക്കൊണ്ടു. നാടകത്തിൽ, ഇപ്പോൾ സ്വർഗനിവാസികളായ ഈ അദ്ധ്യാപകരെല്ലാവരും സത്യസായി ബാബയെ തേടി ഭൂമിയിലേക്ക് ഇറങ്ങിവരികയാണ്. അവരിവിടെ വസിച്ചത് എഴുപത് കൊല്ലങ്ങൾക്കു മുമ്പാണ്, സ്വാമിക്ക് അഞ്ചോ ആറോ വയസ്സുള്ളപ്പോൾ. ആ പുട്ടപർത്തി ഇന്നത്തെ പുട്ടപർത്തിയിൽനിന്ന് തീർത്തും വ്യത്യസ്ഥമാണ്. അതുകൊണ്ട് സ്വർഗത്തുനിന്നും ഇറങ്ങിവന്ന ആ അദ്ധ്യാപകർക്ക് വഴി തെറ്റുന്നു. എവിടെ പോവണമെന്ന് അവർക്കറിയില്ല.



ഉറവക്കൊണ്ട: പശ്ചാത്തലത്തിൽ കാണുന്നത് സർപ്പമല(Serpent Hill)

ആദ്യമായി വരുന്ന അദ്ധ്യാപകൻ മെഹബൂബ് ഖാനാണ്. മെഹബൂബ്ഖാന് സ്വാമിയുമായി വളരെ അടുത്ത, ഉറ്റ ബന്ധമാണ് ഉണ്ടായിരുന്നത്, അദ്ദേഹം പ്രഭുവിനെ പതിവായി അടുത്തുവിളിച്ചിട്ട് ഭഗവാന് കുറച്ച് പക്കാവട സമ്മാനിച്ചിട്ട് പറയും, "വരൂ, കഴിച്ചോളൂ. ഇത് നിനക്കായി പ്രത്യേകം തയ്യാറാക്കിയതാണ്."

അപ്പോൾ സ്വാമി പറയും, "ദയവായി എനിക്കിങ്ങനെ വിളമ്പരുത്. മറ്റ് സഹപാഠികളും ഉണ്ട്. ഞാനിങ്ങനെ കഴിച്ചാൽ അവർക്കത് വിഷമമുണ്ടാക്കും. സർ, ദയവായി അതിനിടയാക്കരുത്."

ഒരു അദ്ധ്യാപകൻ ബാബയോട് (ശിക്ഷയായി) ബഞ്ചിൽ കയറി നിൽക്കുന്നതിന് ആവശ്യപ്പെട്ടു. “എണീൽക്ക്! ബഞ്ചിൽ കയറി നിൽക്ക്!”

അദ്ധ്യാപകന്റെ ആജ്ഞ പ്രകാരം സ്വാമി ബഞ്ചിൽ നിൽക്കുകയായിരുന്നു. പഠിപ്പിക്കുന്നത് അവസാനിപ്പിച്ച് അദ്ധ്യാപകൻ എണീൽക്കുമ്പോൾ, അദ്ദേഹത്തിന് അതിനായില്ല, കാരണം അദ്ദേഹം കസേരയുമായി ഒട്ടിപ്പിടിച്ചിരുന്നു.

അപ്പോളാണ് മെഹബൂബ് ഖാൻ അവിടെയെത്തിയത്, അദ്ദേഹം പറഞ്ഞു, “ഓ സർ, എനിക്കറിയാം താങ്കളുടെ പ്രശ്നം എന്തെന്ന്. ആദ്യമേ, താങ്കൾ സത്യനോട് ഇരിക്കാൻ പറയൂ, അപ്പോൾ താങ്കൾക്ക് കസേരയിൽനിന്നും വിടുതലുണ്ടാവും.”

അങ്ങനെ, ഇത് ബാബയെ സ്നേഹിച്ചിരുന്ന, തുടക്കം മുതൽക്കേ അവിടുത്തെ ദിവ്യതയെ പ്പറ്റി അറിവുണ്ടായിരുന്ന മെഹബൂബ് ഖാനെന്ന അദ്ധ്യാപകനുമായി ബന്ധപ്പെട്ട ഉപാഖ്യാനമായിരുന്നു. മെഹബൂബ് ഖാൻ സ്വർഗത്തുനിന്നും ഇറങ്ങിവന്നിട്ട് ഉച്ചത്തിൽ വിളിച്ചു, “സത്യാ! സത്യാ! നീ എവിടെയാണ്? നീ ഈ സ്ഥലത്തുണ്ടെന്ന് ആരോ പറഞ്ഞു.”




എന്നിട്ട് അദ്ദേഹം ആൺകുട്ടികളോട് തിരക്കാനാരംഭിച്ചു, “അല്ലയോ കുഞ്ഞുങ്ങളേ, നിങ്ങൾ സത്യനെ ഇവിടെ കണ്ടോ? അല്ലയോ സതീർത്ഥ്യനായ കൊണ്ടപ്പാ, നീയും ഇവിടെയുണ്ടോ! വളരെ നന്നായി! നീ ആരെയോ തെരയുന്നതായി തോന്നുന്നല്ലോ.”

കൊണ്ടപ്പ, സായി ബാബയുടെ മറ്റൊരു അദ്ധ്യാപകൻ, പറഞ്ഞു, “അല്ലയോ മെഹബൂബ്, നീയും ഇവിടെയുണ്ടോ! നന്ന്! ഞാനും സത്യനെ തെരഞ്ഞ് ഇവിടെത്തിയതാണ്.”

“ഓഹോ, നമ്മൾ രണ്ടുപേരും സ്വർഗത്തുനിന്ന് വരികയാണ്. വളരെ നന്നായി! സത്യൻ എവിടെയാണ്?”

കൊണ്ടപ്പ, മറ്റേ അദ്ധ്യാപകൻ, പറഞ്ഞു, “മെഹബൂബ് ഖാൻ, നിനക്കറിയാമോ ഞാനെന്തിനാണ് സ്വർഗം വിട്ടു പോന്നത് എന്തിനെന്ന്? അത് വിരസമാണ് (ചിരി), ആയാസകരമാണ്, മടുപ്പിക്കുന്നതാണ്. എനിക്ക് മേലിൽ താത്പര്യമില്ല. അതുകൊണ്ട്, ഞാൻ സത്യനെ അന്വേഷിച്ച് താഴെ ഇറങ്ങിവന്നതാണ്. നമുക്ക് ഇരുവർക്കും അവനെ തെരയാം.”




അപ്പോൾ, ആ നിമിഷം, മറ്റൊരു അദ്ധ്യാപകൻ, മഞ്ചിരാജു, പറഞ്ഞു, “സത്യനുമൊത്ത് ഞങ്ങൾക്കുണ്ടായിരുന്ന ആ നാളുകൾ എത്ര അതിശയകരമായിരുന്നു! അതുകൊണ്ട്, ഞാൻ സ്വയം ഒഴികഴിവുണ്ടാക്കി, സത്യനുമൊത്ത് കുറച്ചു സമയം ചെലവഴിക്കുന്നതിലേക്കായി, ഭൂമിയിലേക്ക് തിരികെ വരാനായി ഇന്ദ്രനോട് അനുവാദവും വാങ്ങി എത്തിയിരിക്കുകയാണ്. അവൻ എവിടെയാണ്?”



Mehboob Khan





Above: **H.S. Venkataramana** (Science teacher and Assistant Headmaster), **T. Lakshmipathi** (Headmaster) and **N. Peraraju** (Telugu teacher)

Left: The two classrooms in Sri Karibasavaswami District Board High School where Raju studied

അപ്പോൾ, കൊണ്ടപ്പ പറഞ്ഞു, "ഇവിടെ നോക്കൂ മഞ്ചിരാജു. നോക്കൂ മെഹബൂബ് ഖാൻ. നിങ്ങൾ ഓർക്കുന്നില്ലേ, ആ ദിനങ്ങളിൽ സത്യൻ ഓരോ ദിവസവും നമ്മുടെ സ്കൂളിൽ പ്രാർത്ഥന ചൊല്ലിയിരുന്നത്? അവൻ ആ ഗാനമാണ് പാടിയിരുന്നത്. നിങ്ങൾ ഓർക്കുന്നില്ലേ, അവനത് എത്ര ഭംഗിയായാണ് ചെയ്തിരുന്നത്? ഞാനാ ദിവസങ്ങൾ ഓർക്കുകയാണ്. അവ ശരിക്കും മഹത്തായിരുന്നു. നമുക്ക് സത്യനുമൊത്ത് കുറച്ചു സമയം ചെലവഴിക്കാം. അവനെവിടെയാണ്?"

ഇപ്പോൾ ആൺകുട്ടികൾ 'അഹ രഹ തവ ആഹ്വാന പ്രചാരിത...' പാടാൻ തുടങ്ങി-ബാബ രചിച്ച ഒരു ഗാനമാണ്, അവിടുന്നിത് ഓരോ ദിവസവും സ്കൂൾ പ്രാർത്ഥനയുടെ ഭാഗമായി പാടിയിരുന്നു. അക്ഷരാർത്ഥത്തിൽ സ്വാമിയെ അത് സ്പർശിക്കുകയുണ്ടായി. അവിടുത്തെ നയനങ്ങൾ സജലമാകുന്നത് ഞാൻ കണ്ടു, എന്തുകൊണ്ടെന്നാൽ അവിടുന്ന് എഴുപത് കൊല്ലം പുറകിലേക്ക് പോയിട്ടുണ്ടാവും. അവിടുന്ന് രചിച്ച ഗാനം കുട്ടികൾ പാടുന്നത് കേൾക്കുമ്പോൾ-അതെത്ര സുന്ദരവും മധുരവുമായിരിക്കും എന്ന് നിങ്ങൾക്ക് ഊഹിക്കാവുന്നതേയുള്ളൂ!


തമ്മിരാജുവും ഭാര്യ കാമേശ്വരമ്മയും

അപ്പോൾ, സുബ്ബണ്ണാചാരി, മറ്റൊരു അദ്ധ്യാപകൻ, വന്നിട്ട് പറഞ്ഞു, "അല്ലയോ മഞ്ചിരാജു, കൊണ്ടപ്പ, മെഹബൂബ് ഖാൻ, നിങ്ങളെല്ലാവരും ഇവിടെയുണ്ടല്ലോ. നിങ്ങളിവിടെ എന്തെടുക്കുകയാണ് കുട്ടികളേ?"

മൂന്നു പേരും ചേർന്ന് മറുപടി നൽകി, "ഞങ്ങൾ സത്യനെ തേടുകയാണ്. ഞങ്ങൾ അവനെ വീണ്ടും കണ്ടുമുട്ടുന്നതിന് ആഗ്രഹിക്കുകയാണ്, അതിനാൽ ഞങ്ങൾ സ്വർഗം ഉപേക്ഷിച്ച് അവനെവിടെയാണെന്ന് തെരയുകയാണ്."

“ഓ, അങ്ങനെയോ. ഉവ്വ്. ഞാൻ നിങ്ങളോട് പറഞ്ഞിരുന്നോ? സത്യൻ ഒരു സാധാരണ കുട്ടിയല്ല എന്ന് ഏറെ നാൾ മുമ്പ് ഞാൻ നിങ്ങളോട് പറഞ്ഞിരുന്നില്ലേ? അവനൊരു ദിവ്യബാലനാണെന്ന്? ഒരു ദിവസം ഭൂമിയിൽ അവൻ ഈശ്വരനെന്ന് അറിയപ്പെടുമെന്ന്? ഞാൻ നിങ്ങളോട് പറഞ്ഞിരുന്നല്ലോ? നിങ്ങൾ എന്നെ വിശ്വസിച്ചില്ല. ഇന്ന് നിങ്ങൾക്ക് അവിടുന്നിനെ നഷ്ടമായപ്പോൾ നിങ്ങൾ തിരികെ വന്നിരിക്കുന്നു. ശരി, അതു വിഷയമല്ല- ഒരിക്കലും വരാത്തതിലും നന്ന് വൈകി വരുന്നതാണ്. നമുക്ക് അവിടുന്നിനെ തെരയാം. നമുക്ക് പ്രഭുവിനെ കണ്ടെത്താം.”



അപ്പോൾ, തമ്മിരാജുവും അവിടെയെത്തിച്ചേരുന്നതിന് ഇടയായി. “ശരി, എല്ലാവരും ഇവിടെയുള്ള സ്ഥിതിക്ക് എനിക്കും എന്തുകൊണ്ട് താഴേക്ക് പോന്നുകൂടാ? അതുകൊണ്ട് ഞാനും ഇങ്ങോട്ടു പോരുന്നതിന് തീരുമാനിച്ചു. നമുക്ക് ഒരുമിച്ച് സത്യനെ തെരയാം.”

തമ്മിരാജു തന്റെ പഴയ സുവർണദിനങ്ങൾ സ്മരിക്കാനാരംഭിച്ചു. “സത്യൻ ഞങ്ങളുടെ ജീവിതങ്ങളെ എത്രമാത്രം സ്വാധീനിച്ചിരുന്നു! നിങ്ങൾ ഓർക്കുന്നുവോ, എന്റെ സുഹൃത്തുക്കളേ? ഞാൻ നിങ്ങളോട് പറഞ്ഞുകൊള്ളട്ടെ, എനിക്ക് കണ്ണിനൊരു പ്രശ്നമുണ്ടായിരുന്നു, ബാലനായ ബാബ അത് ഭേദമാക്കി, കാരണം അക്കാലത്ത് എനിക്ക് ഒരു ശസ്ത്രക്രിയ താങ്ങാനാവുമായിരുന്നില്ല. അവിടുന്ന് എന്റെ കാഴ്ച വീണ്ടെടുത്തു. അതു മാത്രമല്ല, അവിടുന്ന് എന്റെ വാച്ച്മാനെയും എന്റെ വേലക്കാരിയെയും പണം നൽകി സഹായിച്ചു. സത്യൻ എത്ര ഉപകാരിയായിരുന്നു! ആ ദിവസങ്ങൾ ഞങ്ങൾ ഓർക്കുകയാണ്.”

എന്നിട്ട്, അവരെല്ലാവരും ചേർന്ന് ‘കപാരു സായി ദേവാ..’ എന്ന ഗാനം ആലപിക്കാൻ തുടങ്ങി. ‘കപാരു’ എന്നാൽ ‘സംരക്ഷിക്കുക’. “അല്ലയോ സായീ, ഞങ്ങളെ എല്ലാവരെയും സംരക്ഷിച്ചാലും!”

സ്വാമിക്ക് വളരെ, വളരെ, വളരെ, വളരെ സന്തോഷമായി.



പ്രശാന്തിനിലയം ടൗൺഷിപ്പ്

ഇനി, അടുത്ത ദൃശ്യം: ‘‘അസലാം അലൈക്കും.’’ ‘അസലാം അലൈക്കും’ എന്നത് മുസ്ലി മുകളുടെ ഒരു അഭിവാദ്യമാണ്.

‘‘ഏവർക്കും നമസ്കാരം! സത്യൻ എവിടെയാണുള്ളതെന്ന് നിങ്ങൾക്ക് കണ്ടെത്താമോ?’’ മെഹബൂബ്ഖാൻ അവിടെ ഇരിപ്പുണ്ടായിരുന്ന കുട്ടികളെ നോക്കാൻ തുടങ്ങി.

‘‘നിങ്ങൾക്കിടയ്ക്ക് സത്യൻ എവിടെയാണ്? നിങ്ങൾക്കിടയിൽ സത്യനുണ്ടോ, കാരണം നിങ്ങൾ തീരെ ചെറുപ്പമായി തോന്നുന്നു.’’

എന്നിട്ട് മെഹബൂബ് ഖാൻ പറഞ്ഞു, ‘‘അതെ, സത്യൻ എവിടെയാണെന്ന് ഞങ്ങൾ നിങ്ങ ളോട് പറയാം.’’

അടുത്ത തവണ ഞാൻ പറയാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)